**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 31** | **24-08-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ . എൻ . ഷംസുദ്ദീൻ,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബിയുടെയും പെൻഷൻ വിതരണം ചെയ്യാൻ രൂപീകരിച്ച കമ്പനിയുടെയും കടമെടുപ്പ് കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന്റെ കണക്കിൽ ഉൾപ്പെടുത്തിയതിനാൽ ഈ വർഷം പ്രതീക്ഷിച്ച വരുമാനത്തിൽ എത്ര തുകയുടെ കുറവുണ്ടാകുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശയുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാർ ഓരോ വർഷവും സംസ്ഥാനത്തിന് വായ്പ പരിധി നിശ്ചയിച്ച നൽകുന്നത്. അതനുസരിച്ച് നടപ്പ് വർഷത്തെ കടമെടുപ്പ് പരിധി മൊത്തം സംസ്ഥാന ആഭ്യന്തരോത്പാദനത്തിന്റെ 3.5 ശതമാനമാണ്. അതായത് സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനമായി കേന്ദ്ര സർക്കാർ എസ്റ്റിമേറ്റ് ചെയ്തിട്ടുള്ള 9,26,837 കോടി രൂപയുടെ 3.5 ശതമാനമായ 32,439 കോടി രൂപയാണ് സംസ്ഥാനത്തിന്റെ നടപ്പ് വർഷത്തെ കടമെടുപ്പ് പരിധി.<br><br>എന്നാൽ സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിൽ ഉൾപ്പെടുത്തുന്ന ഒരു നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഈ നിലപാടിനോടുള്ള സംസ്ഥാനത്തിന്റെ ശക്തമായ വിയോജിപ്പ് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.<br>പ്രസ്തുത നിലപാടിൽ ഇളവ് അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച കൊണ്ട് സംസ്ഥാനം കേന്ദ്ര സർക്കാരിനെ സമീപിക്കുകയും ആവശ്യപ്പെട്ട വിശദാംശങ്ങൾ നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ നടപ്പ സാമ്പത്തിക വർഷത്തെ ആദ്യത്തെ 9 മാസത്തേക്ക് 17,936 കോടി രൂപ പൊതുവിപണിയിൽ നിന്ന് കടമെടുക്കുന്നതിനുള്ള അനുമതി കേന്ദ്രസർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ വിയോജിപ്പ് പരിഗണിക്കാതെ 14312.80 കോടി രൂപ Off Budget Borrowing |

| | | | |
|---|---|---|---|
| | | | ആണെന്ന നിലപാട് സ്വീകരിച്ച് ആ തുക നാല്പ തവണകളായി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ നിന്ന് കുറയ്ക്കുന്നതാണെന്നും ഇതിന്റെ ഭാഗമായി നടപ്പ് വർഷം 3578.20 കോടി രൂപ കടമെടുപ്പ് പരിധിയിൽ നിന്ന് കുറയ്ക്കുന്നതാണെന്നും, പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ എടുത്തിട്ടുള്ള വായ്പകളുടെ തിരിച്ചടവ് സംബന്ധിച്ച് 2021-22 മുതലുള്ള കണക്കുകൾ ഉടനടി ലഭ്യമാക്കണമെന്നും 04/07/2022 ലെ 40(12)PF-S/2021-22 നമ്പർ കത്ത് പ്രകാരം കേന്ദ്രധനകാര്യ മന്ത്രാലയം അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത വരുമാനത്തിലുണ്ടാകുന്ന കുറവ് ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ധനകാര്യ കമ്മീഷൻ നിശ്ചയിച്ച നൽകിയിട്ടുള്ള അനുവദനീയമായ കടമെടുപ്പ് പരിധിയെ അടിസ്ഥാനപ്പെടുത്തിയാണ് സംസ്ഥാന ബജറ്റ് തയ്യാറാക്കാറുള്ളത്. ഇത്തരത്തിൽ കടമെടുക്കുന്ന തുക പ്രധാനമായും അടിസ്ഥാന സൗകര്യ വികസനത്തിനാണ് ഉപയോഗിക്കുന്നത്. സംസ്ഥാന നിയമസഭ ബജറ്റ് പാസാക്കിയതിന് ശേഷം പിന്നീട് കടമെടുപ്പ് പരിധിയിൽ കുറവ് വരുത്തുന്നത് സംസ്ഥാനത്തിന്റെ വികസന മുൻഗണനകളെ താളം തെറ്റിക്കുകയും നടന്നു കൊണ്ടിരിക്കുന്ന പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്നതിന് ഇടവരുത്തുകയും ചെയ്യും. |
| (സി) | സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി സങ്കീർണമാക്കാതെ വരുമാനം വർദ്ധിപ്പിക്കാനും ചെലവ് ചുരുക്കാനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (സി) | സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും റവന്യൂകമ്മിയും ധന ക്കമ്മിയും കുറച്ചുകൊണ്ടു വരാനാണ് സർക്കാർ പരിശ്രമിക്കുന്നത്. മുൻ വർഷങ്ങളിൽ സമ്പദ് വ്യവസ്ഥക്ക് അകത്തു നിന്നും പുറത്തു നിന്നും ഉണ്ടായ തടസ്സങ്ങളിൽ നിന്നും മോചനം നേടി പുനർ നിർമ്മാണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. നികുതി നികുതിയേതര വരുമാനം ഉയർത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കിയും ധനകമ്മിയും കടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനത്തിന്റെ നിശ്ചിത പരിധിയിൽ നിർത്തിയും കടമെടുക്കുന്ന തുക പൂർണ്ണമായും വികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയെന്ന സമീപനമാണ് സർക്കാർ സ്വീകരിച്ച വരുന്നത്. ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിച്ചും അധിക ജിവനക്കാരെ ആവശ്യമുള്ള മറ്റു വകുപ്പുകളിലേക്ക് പുനർവിന്യസിച്ചും കൊണ്ടുള്ള നടപടികൾ സർക്കാർ ഇതിനകം തന്നെ കൈക്കൊണ്ടിട്ടുണ്ട്. നിലവിലുള്ള സാമ്പത്തിക മാന്ദ്യത്തെ ചെറുക്കുകയെന്ന ലക്ഷ്യത്തോടെ |

പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള തന്ത്രപരമായ ശ്രമം ഏറ്റെടുക്കാൻ സംസ്ഥാനം ബാധ്യസ്ഥമാണ്.

ചരക്കു സേവന നികുതി നടപ്പിലാക്കിയതോടെ സംസ്ഥാനങ്ങൾക്ക് നികുതി വർദ്ധനവിനുള്ള ഇടപെടലുകൾക്ക് പരിമിതികളും നിയന്ത്രണങ്ങളുമുണ്ടായി. പെട്രോളിയം ഉത്പന്നങ്ങൾ, മദ്യം തുടങ്ങിയ ചുരുക്കം ഇനങ്ങൾക്ക് മാത്രമാണ് സംസ്ഥാനങ്ങൾക്ക് ഇപ്പോൾ നികുതി ഏർപ്പെടുത്താൻ അധികാരമുള്ളത്. പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ 12.7 ശതമാനം വളർച്ചയാണ് പ്രതീക്ഷിക്കുന്നത്. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി സർക്കാർ വിഭാവനം ചെയ്തിട്ടുള്ള നിർദ്ദേശങ്ങളും സ്വീകരിച്ചു വരുന്ന നടപടികളും ചുവടെ ചേർക്കുന്നു.

1. ചരക്കു സേവന നികുതിവകുപ്പിനെ പുനസംഘടിപ്പിച്ചുകൊണ്ട് നികുതി ചോർച്ച ഫലപ്രദമായി തടയുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ഇതിനകം തന്നെ ചരക്കു സേവന നികുതി വകുപ്പിന് കീഴിൽ തന്നെ ടാക്സ് പെയെർ സർവ്വീസസ് , ആഡിറ്റ് ആൻറ് ഇന്റലിജൻസ് എൻഫോഴ്സ് മെന്റ് എന്നീ വിഭാഗങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട് .
2. ഭൂരേഖകൾ കൈകാര്യം ചെയ്യുന്നതിലെ കേന്ദ്ര ഘടകമായ അടിസ്ഥാന ഭൂനികുതി പരിഷ്കരിക്കൽ
3. ഭൂമിയുടെ ന്യായവിലയിലെ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളലും നിലവിലുള്ള ന്യായവില യിൽ 10% ഒറ്റത്തവണ വർദ്ധനവ് നടപ്പിലാക്കലും.
4. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ.
5. 2 ലക്ഷം രൂപ വരെ വിലയുള്ള മോട്ടോർ സൈക്കിളുകളുടെ ഒറ്റത്തവണ മോട്ടോർ വാഹന നികുതി 1 % വർദ്ധിപ്പിക്കൽ.
6. മലിനീകരണ പ്രശ്നങ്ങൾ പരിഹരിക്കുകയും വൈദ്യുതി വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിന്റെ ഭാഗമായി ഡീസൽ വാഹനങ്ങൾക്ക് ഹരിത നികുതി ഏർപ്പെടുത്തൽ.

| | | | |
|---|---|---|---|
| | | | 7. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്ക്രൂട്ടിനിയും പരിശോധനകളും ശക്തമാക്കൽ.<br>8. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി.<br>9. വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിക്കൽ.<br>10. ചരക്ക് സേവന നികുതി ചോർച്ചയ്ക്ക് കാരണമായ പഴുതുകൾ പരമാവധി അടയ്ക്കുന്നതിനുള്ള നടപടികൾ.<br>11. സർക്കാർ ഗ്യാരണ്ടി സീലിംഗ് നിയമഭേദഗതി ചെയ്യുന്നതിലൂടെ ഈയിനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കൽ.<br><br>സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ മേഖലയുടെ വികസനം ലക്ഷ്യമാക്കി മുൻ വർഷത്തെ അപേക്ഷിച്ച് കൂടുതൽ വിഹിതമാണ് നടപ്പു വർഷം മൂലധന ചെലവുകൾക്കായി ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇതിനു പുറമേ കിഫ്ബിയുടെ നിക്ഷേപം അടിസ്ഥാന സൗകര്യ മേഖലയെ ചലനാത്മകമാക്കും. |

സെക്ഷൻ ഓഫീസർ